# ദൃശ്യം 2

Written By : Jithesh Mangalath

കാരക്ടർ കണ്ടിന്യൂറ്റി എന്ന ഘടകം സീക്വലുകളെ സംബന്ധിച്ചിടത്തോളം എത്ര പ്രധാനമാണെന്ന് തിരിച്ചറിയണമെങ്കിൽ 2 ഹരിഹർ നഗറിലെയും,ഇൻ ഗോസ്റ്റ് ഹൗസ് ഇന്നിലെയും അപ്പുക്കുട്ടനെ ഓർത്താൽ മതിയെന്ന് തോന്നാറുണ്ട്.ഇൻ ഹരിഹർ നഗറിൽ നിന്നും,രണ്ട് സീക്വലികളിലേക്കെത്തുമ്പോഴേക്കും തീരെ ദുർബലമായ രീതിയിലാണ് ആ കഥാപാത്രത്തിന്റെ തുടർച്ചകൾ.അത്തരം ഴോണറിൽ നിന്ന് ക്രൈം ത്രില്ലറുകളിലേക്കെത്തുമ്പോൾ സീക്വലുകൾ ഒട്ടു മിക്കതും കഥാപാത്രങ്ങളെ മാത്രം ഒറിജിനലുകളിൽ നിന്ന് ഇമ്പോർട്ട് ചെയ്യുന്ന രീതിയാണ് കണ്ടു വന്നിട്ടുള്ളത്.സേതുരാമയ്യർ ഒക്കെ അതിന്റെ ഉത്തമ ഉദാഹരണമാണ്.അത്തരമൊരു സീക്വലിനുള്ള എളുപ്പം എന്താണെന്നു വെച്ചാൽ കാരക്ടർ എസ്റ്റാബ്ലിഷ്മെന്റിനുള്ള സമയവും,പരിശ്രമവും കുറയ്ക്കാം എന്നതിനൊപ്പം പുതിയൊരു ത്രെഡിന്റെ സ്വാതന്ത്ര്യവും ഉണ്ടാകും.അത്തരമൊരു പശ്ചാത്തലത്തിൽ നിരീക്ഷിക്കുമ്പോൾ ദൃശ്യം2 എന്ന ചിത്രം മലയാളത്തിൽ മുൻഗാമികളില്ലാത്ത ഒരു ക്രൈം ത്രില്ലർ സീക്വൽ ആണെന്ന് അംഗീകരിക്കാതെ വയ്യ.ദൃശ്യം പോലെ സമാനതകളില്ലാത്ത വിധം ജനപ്രീതിയും,വിമർശകരുടെ അംഗീകാരവും നേടിയ,ഏകദേശം പൂർണ്ണമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഒരു കൊമേഴ്സ്യൽ പാക്കേജിന്റെ രണ്ടാം ഭാഗമെന്ന നിലയിൽ കൂടി ദൃശ്യം 2 വിനെ വായിക്കുമ്പോൾ ഒറിജിനൽ പ്രീക്വലിന്റെ ലെഗസിക്കൊരു തരി കോട്ടം പോലും വരുത്താത്ത വിധം പര്യവസാനിച്ച അതിനെ പ്രശംസിച്ചേ മതിയാകൂ.

ദൃശ്യം2 വിന്റെ കാര്യത്തിലെ വിചിത്രമായ കാര്യം ഒരു കഥയെയും,അതിന്റെ ഏറ്റവും പിവട്ടലായ -അതേ സമയം വെളിവാക്കപ്പെട്ടതുമായ-സസ്പെൻസ് എലമെന്റിനെയും കൃത്യമായി അത് സീക്വലിലേക്ക് സന്നിവേശിപ്പിച്ചിട്ടുണ്ട് എന്നതാണ്.സ്വതന്ത്രമായ ഒരാഖ്യാനത്തിനുള്ള സാധ്യതകൾ അവിടെ അടയുന്നുണ്ട്.കഥാപാത്രങ്ങളും,കഥയും നൽകുന്ന എസ്റ്റാബ്ലിഷ്മെന്റ് ലാഭങ്ങൾക്കപ്പുറം തിരക്കഥാകൃത്തിനും,സംവിധായകനും അതൊരു ബാധ്യതയാണ്.ജോർജ്ജുകുട്ടിയെപ്പോലൊരു ഐക്കണിക് കാരക്ടറിന്റെ കാര്യമാകുമ്പോൾ അത് ഏറ്റവും വലിയ റിസ്ക് കൂടിയാകുന്നു.അത്തരമൊരു ആംഗിളിലാവണം ദൃശ്യം 2 വിനെയും,ജോർജ്ജുകുട്ടിയെയും സമീപിക്കേണ്ടതെന്ന് തോന്നുന്നു.അല്ലെങ്കിൽ ആ ഒരു ലീനിയൻസ് ദൃശ്യം അർഹിക്കുന്നുണ്ട്.7 വർഷങ്ങൾക്കു ശേഷമുള്ള ജോർജ് കുട്ടിയും,കുടുംബവും ഒരിക്കലും അവരുടെ പഴയ ജീവിതമായിരിക്കില്ല നയിക്കുന്നുണ്ടാവുക എന്ന സാമാന്യബോധത്തിൽ നിന്നാണ് ദൃശ്യം 2 നമ്മൾ കണ്ടു തുടങ്ങുന്നതു തന്നെ.ജോർജ് കുട്ടിയിലെ കുറ്റബോധം വേട്ടയാടുന്ന സാധാരണക്കാരൻ അത്തരമൊരു

കുറ്റബോധത്തോട് എങ്ങനെയായിരിക്കും പ്രതികരിക്കുക എന്നതായിരുന്നു,ത്രില്ലിംഗ് എലമെന്റുകൾ മാറ്റിനിർത്തിയാൽ ഈ സിനിമയിലേക്ക് എന്നെ ഏറ്റവുമാകർഷിച്ച ഘടകം.സാഹചര്യം കെട്ടിച്ച വേഷങ്ങളിലൊന്നാണ് അയാളെ സംബന്ധിച്ചിടത്തോളം ഒരു കുറ്റവാളിയുടേത്.അതുകൊണ്ടു തന്നെ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അയാൾ തന്റെ സ്വതസിദ്ധമായ നന്മയ്ക്കു മുമ്പിൽ കുമ്പസാരിച്ചേക്കുമെന്ന് ഞാൻ കരുതി.

പക്ഷേ അയാൾ ജോർജ്ജുട്ടിയായിരുന്നു;അയാളെ സൃഷ്ടിച്ചയാൾക്കോ,അയാളെ അവതരിപ്പിച്ചയാൾക്കോ പോലും പൂർണ്ണമായി പിടികിട്ടാത്ത അത്രമേൽ കാൽക്കുലേറ്റഡ് പെർമ്യൂട്ടേഷനുകളും,കോമ്പിനേഷുകളും നിറഞ്ഞ ഗ്രേ സെല്ലുകളുടെ ഉടയോൻ.ഏറ്റവും മിതമായ ഭാഷയിൽ,വൈകാരികതകളേതുമില്ലാതെ അയാൾ പറഞ്ഞതുപോലെ അയാളെ സംബന്ധിച്ചിടത്തോളം ആ കുടുംബത്തെ സംരക്ഷിക്കാൻ അയാളേതറ്റം വരെയും പോകും.7 വർഷങ്ങൾ കൊണ്ടുണ്ടായ അയാളുടെ മാറ്റം പോലും നേരത്തെ പറഞ്ഞ സംരക്ഷണത്തിന്റെ ഭാഗമാണ്.തന്റേതായി താൻ കൊണ്ടു നടന്ന ട്രെയിറ്റുകളൊക്കെയും സംഭവിച്ചേക്കാവുന്ന അപകടത്തിന് തടയിടാനായി അയാൾ മറക്കുകയോ,മാറ്റുകയോ ചെയ്യുന്നുണ്ട്.ആഴത്തിൽ ചിന്തിച്ചാൽ അയാളുടെ മദ്യപാനശീലം പോലും ഒരു ഡാമേജ് കൺട്രോൾ പ്രൊസസ്സിന്റെ ഭാഗമാണ്.മറ്റൊന്ന് റാണിയുമായുള്ള അയാളുടെ ബന്ധത്തിലെ മാറ്റമാണ്.ദൃശ്യം അവർക്കിടയിലെ സെക്ഷ്വൽ റിലേഷൻഷിപ്പിനെ കുസൃതിയെന്നോണം എക്സ്പ്ലിസിറ്റായി തന്നെ ആലേഖനം ചെയ്തിട്ടുണ്ട്.പക്ഷേ രണ്ടാം ഭാഗമെത്തുമ്പോൾ അത്തരം സോഫ്റ്റ് പോക്കറ്റുകൾ കുറവാണ്.എല്ലാം പങ്കു വെക്കാതിരിക്കാനുള്ള മുൻകരുതൽ ജോർജുകുട്ടിയിൽ അത്രമേൽ പ്രകടമാണ്.അതായത് അയാളുടെ സ്വതസിദ്ധമായ സ്നിഗ്ദ്ധത പോലും തന്റെ ആത്യന്തിക ഉത്തരവാദിത്തമായി താൻ കരുതുന്ന കുടുംബത്തിനു വേണ്ടി അയാൾ മറക്കുകയാണ്.

ഏതൊരു നിമിഷവും അയാളൊരു കൊളാറ്ററൽ ഡാമേജ് പ്രതീക്ഷിക്കുന്നുണ്ട് എന്നിടത്താണ് ജോർജ്ജുട്ടി നമുക്ക് പിടി തരാത്ത മെനാസിംഗ് മാഗ്നിറ്റ്യൂഡിലേക്ക് മാറുന്നത്.നമ്മൾ കണ്ട ഒരു ടെംപ്ലേറ്റിനപ്പുറം അയാൾ ഒരു ഡസൻ പെർമ്യൂട്ടേഷൻ-കോമ്പിനേഷൻ സെറ്റുകളെങ്കിലും മനസ്സിൽ കണ്ടിട്ടുണ്ടാവുമെന്ന് എനിക്കുറപ്പുണ്ട്.ഏഴു വർഷങ്ങളും,തന്റെ അതിൽപിന്നെയുള്ള ജീവിതം മുഴുവനും അയാൾ മാറ്റിവെക്കുന്നത് താനൊരിക്കൽ റീക്രിയേറ്റ് ചെയ്ത രണ്ട് ദിവസങ്ങളുടെ കുറച്ചു കൂടി എക്സ്റ്റൻഡഡായ ഒരു റീക്രിയേഷനു വേണ്ടിയാണ്.പലരും കുറ്റപ്പെടുത്തുന്നത് ജോർജ്ജുട്ടി ഒരിക്കലും തന്റെ കുടുംബത്തെ ഒരു ലക്ക് ഫാക്ടറിന്റെ കാരുണ്യത്തിന് വിട്ടുകൊടുക്കില്ല,അതൊരു കല്ലുകടിയാണെന്നാണ്.എന്നാൽ അയാളുടെ വിശാലമായ സ്കീമിൽ ആ ലക്ക് ഫാക്ടർ മിറ്റിഗേറ്റ് ചെയ്യപ്പെടാനുള്ളത്രയേ

ഉണ്ടായിരുന്നുള്ളൂ.സാധ്യമായ എല്ലാ മുൻകരുതലുകളും അയാൾ എടുത്തു കഴിഞ്ഞിരുന്നു.എന്നിട്ടും അയാളെ തോൽപ്പിക്കണമെങ്കിൽ അയാളെ 'അവർ' പിന്തുടരണമായിരുന്നു.പക്ഷേ അത്തരമൊരു പിന്തുടരലിനെ പ്രായോഗികമായിപ്പോലും ജോർജ്ജുകുട്ടി തോൽപ്പിച്ചു കളഞ്ഞിരുന്നു.മുരളി ഗോപി പറയുന്നതു പോലെ അയാളെ അവരല്ല,അവരെ അയാളായിരുന്നു പിന്തുടർന്നു
കൊണ്ടിരുന്നത്.നീതിയുടെ പരമമായ രണ്ട് അധികാരസ്ഥാപനങ്ങളിൽ നിന്നാണ് രണ്ട് ഭാഗങ്ങളിലും അയാൾ സ്വതന്ത്രനായി ഇറങ്ങി വരുന്നത്.

ഫ്രെയിമുകളിൽ ഉള്ളപ്പോഴും,ഇല്ലാത്തപ്പോഴും ജോർജ്ജുകുട്ടി തന്നെയാണ് ദൃശ്യം 2 വിന്റെയും വൗ ഫാക്ടർ.അതുകൊണ്ടുതന്നെ സിനിമയെക്കുറിച്ചുള്ള ഏത് വിശകലനവും അയാളിലൂടെതന്നെ ഭൂരിഭാഗവും കടന്നുപോയേക്കാം.സിനിമയിലേക്ക് തിരിച്ചു വന്നാൽ,പ്രീക്വലിനെപ്പോലെ തന്നെ അസാധാരണമായി യൂ ടേൺ എടുത്ത് കുതിച്ചു പായുന്ന രണ്ടാം പകുതിയാണ് ദൃശ്യം 2 വിനെ രക്ഷിക്കുന്നത്.ലൂപ് ഹോളുകളെപറ്റി ചിന്തിക്കാൻ ഇടം നൽകാത്തത്ര വിധം പേസ് ഈ ഹാഫിന് നൽകാൻ ജീത്തു ജോസഫിന് കഴിഞ്ഞിട്ടുണ്ട്.ജീത്തുവിലെ ജീനിയസ് റൈറ്റർ ജീത്തുവെന്ന മീഡിയോക്കർ സംവിധായകനെ അനായാസം മറികടക്കുന്ന കാഴ്ച്ച അവിടെ കാണാം.ആദ്യപകുതിയിൽ അലസമെന്നോണം ഇട്ടേച്ചു പോകുന്ന പൊട്ടും പൊടിയും,ഒരു ജിഗ്സോ പസിലിലെന്നോണം ക്ലൈമാക്സിൽ കൃത്യമായി ഇഴ ചേരുന്നത് അയാളുടെ പ്രതിഭയുടെ നേർസാക്ഷ്യമാണ്.മോഹൻലാലും,ജോർജ്ജു കുട്ടിയും അസാധാരണമായൊരു കോമ്പിനേഷനാണെന്നു തോന്നി.അത്രമേലനായാസമായി ജോർജ്ജുകുട്ടിയിലൂടെ അയാൾ കടന്നുപോയെന്ന് തോന്നിക്കുമ്പോഴും അയാൾക്കു പോലും പൂർണ്ണമായി മനസ്സിലാവാലാത്ത എന്തോ ഒരു മിസ്റ്ററി മൂഡ് ജോർജ്ജുകുട്ടി ബാക്കി നിർത്തുന്നുണ്ട്.ദൃശ്യത്തിലെന്ന പോലെ റിപീറ്റ് വാച്ചുകളിൽ കൂടുതൽ മധുരിച്ചേക്കാവുന്ന മറ്റൊരു വിന്റേജ് വൈനാണ് D2വിലെ ജോർജ്ജുകുട്ടിയെന്ന് തോന്നുന്നു.

പരിമിതികൾക്കുള്ളിലും,മലയാളത്തിൽ ഉണ്ടായിട്ടുള്ളതിൽ വെച്ചേറ്റവും ബ്രില്യന്റായി എക്സിക്യൂട്ട് ചെയ്യപ്പെട്ടിട്ടുള്ള ത്രില്ലർ സീക്വൽ ദൃശ്യം2 തന്നെയാണ്.ഐക്കണിക്കായിട്ടുള്ള മുൻഗാമിയുടെ ലെഗസി കാത്തുസൂക്ഷിക്കാൻ അതിനായിട്ടുണ്ട് എന്നുള്ളതു തന്നെ അതിനെ ഒരു മികച്ച കാഴ്ച്ചാനുഭവമാക്കുന്നു.

വെർഡിക്ട്:ബ്രൂട്ടലി ബ്രില്യന്റ്